"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- 2022-23 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ "2515-00-102-29(PV) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 86 കോടി രൂപ (എൺപത്തിയാറു കോടി രൂപ മാത്രം) -അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.251/2022/LSGD തീയതി,തിരുവനന്തപുരം, 10-11-2022

---

പരാമർശം:-

1. 03.07.2018 തീയതിയിലെ സ.ഉ.(പി) നം.100/2018/ധന നം. ഉത്തരവ്.
2. 21.05.2022 തീയതിയിലെ സ.ഉ.(കൈ)നം.108/2022/തസ്വഭവ നം. ഉത്തരവ്.
3. 13.06.2022 തീയതിയിലെ സ.ഉ.(സാധാ) നം.1434/2022/തസ്വഭവ നം. ഉത്തരവ്.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.10.2022 ലെ 3763/എ/2022/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(PV) " എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 260 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡുവായി ആകെ തുകയുടെ 33% ആയ 86 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിച്ച ശേഷിച്ച മുഴുവൻ തുകയും അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29(PV) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും രണ്ടാം ഗഡുവായി

ആകെ പദ്ധതി വിഹിതത്തിന്റെ 33% തുകയായ 86 കോടി രൂപ (എൺപത്തിയാറു കോടി രൂപ മാത്രം) കൂടി അനുവദിച്ച് ഉത്തരവാകുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേർസിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

ഡ്രോയിംഗ് ആൻഡ് ഡിസ്ബേർസിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (WCD-3/4/2022-FIN(E-2235234) പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ.1/175/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 10-11-2022 16:53:58**

സെക്ഷൻ ഓഫീസർ